# ECHO OF HIS CALL

## വിളിയുടെ പ്രതിധ്വനി

MALAYALAM

ECHO OF HIS CALL 1969-2019 GOLDEN JUBILEE

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAANS

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVII | YEAR OF OUR LORD JESUS CHRIST, 2021 FEBRUARY | No. 5


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**കർത്താവിനു സ്തോത്രം**

**സങ്കീർത്തനങ്ങൾ 37:1-10**

01 ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നീ മുഷിയരുത്; നീതികേടു ചെയ്യുന്നവരോട് അസൂയപ്പെടുകയുമരുത്.

02 അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു.

03 യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്യുക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്കുക.

04 യഹോവയിൽ തന്നേ രസിച്ചു കൊള്ളുക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

05 നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക; അവനിൽ തന്നേ ആശ്രയിക്കുക; അവൻ അതു നിർവ്വഹിക്കും.

06 അവൻ നിന്റെ നീതിയെ പ്രഭാതംപോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നംപോലെയും പ്രകാശിപ്പിക്കും.

07 യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്ന് അവനായി പ്രത്യാശിക്കുക; കാര്യസാധ്യം പ്രാപിക്കുന്നവനെയും ദുരുപായം പ്രയോഗിക്കുന്നവനെയും കുറിച്ചു നീ മുഷിയരുത്.

08 കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്കുക; മുഷിഞ്ഞു പോകരുത്; അതു ദോഷത്തിനു ഹേതുവാകുകയേയുള്ളു.

09 ദുഷ്പ്രവൃത്തിക്കാർ ഛേദിക്കപ്പെടും; യഹോവയെ പ്രത്യാശിക്കുന്നവരോ ഭൂമിയെ കൈവശമാക്കും.

10 കുറഞ്ഞൊന്നു കഴിഞ്ഞിട്ടു ദുഷ്ടൻ ഇല്ല; നീ അവന്റെ ഇടം സൂക്ഷിച്ചുനോക്കും; അവനെ കാണുകയില്ല.

# ദൈവജനത്തിന്റെ അനന്തരാവകാശം!

## THE INHERITANCE OF GOD'S CHILDREN!

*പാസ്റ്റർ എസ്. സാം സെൽവരാജ് മുഖ്യ സഭയിൽ നൽകിയ സന്ദേശം*

**"ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ"** (യെശയ്യാവ് 43:1).

ദൈവത്തിന്റെ അത്ഭുതകരമായ വാഗ്ദത്തം നാം ഇവിടെ കാണുന്നു. ഈ വാഗ്ദത്തം ലോകം മുഴുവനും ഉള്ള എല്ലാവർക്കും വേണ്ടിയുള്ളതല്ല. വേദപുസ്തകത്തിൽ കാണുന്ന എല്ലാ വാഗ്ദത്തങ്ങളും തന്റെ മക്കൾക്കുള്ളതാണ്. കുറച്ചുകൂടി കൃത്യമായി പറയുകയാണെങ്കിൽ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച്, അവന്റെ കല്പനകൾ പാലിച്ച്, വിശുദ്ധ ജീവിതം നയിക്കുന്നവർക്കുള്ളതാണ് ഈ വാഗ്ദത്തങ്ങൾ. റോമർ 12:2 ൽ പറയുന്നതുപോലെ "... മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" എന്ന കല്പന പ്രാവർത്തികമാക്കുന്നവർക്കു വേണ്ടിയുള്ളതാണ്.

സമൂഹത്തിൽ നല്ല സ്വാധീനമുണ്ടെങ്കിലും നല്ലൊരു രാഷ്ട്രീയ നേതാവായാലും ഈ വാഗ്ദത്തങ്ങളൊന്നും ലഭിക്കുകയില്ല. മുകളിൽ പ്രസ്താവിച്ചതുപോലെ മനസ്സു പുതുക്കി രൂപാന്തരപ്പെട്ടവർക്കു മാത്രമുള്ളതാണ് ഈ അനുഗ്രഹം. ഇങ്ങനെയുള്ള മനുഷ്യരുടെ ഹൃദയം ദുഷ്ടതയിൽ നിന്നും ദുഷിച്ച ചിന്തകളിൽ നിന്നും വിമോചനം നേടിയതാണ്. ഇങ്ങനെയുള്ളവർ നല്ല രീതിയിൽ, നേരായ വഴികളിൽ ചിന്തിക്കുന്നു. യേശുക്രിസ്തുവിലൂടെയല്ലാതെ മനസ്സിന് രൂപാന്തരം ഉണ്ടാകുകയില്ല. അതിശയകരമായ വഴികളിലൂടെ യേശുക്രിസ്തു ഒരു വ്യക്തിയെ മാറ്റിയെടുക്കുന്നു. ഈ ലോകപ്രകാരമുള്ള ധനമോ, പ്രശസ്തിയോ, മറ്റെന്തെങ്കിലും ശക്തിക്കോ ഇത്തരത്തിലുള്ള മാറ്റം ഒരു മനുഷ്യനിൽ ഉണ്ടാക്കുവാൻ സാധിക്കുകയില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ച് മാറ്റം പ്രാപിക്കുവിൻ! നിന്നെ കാണുന്നവൻ നിന്നിൽ വിശ്വസിക്കട്ടെ. നിന്നെ കാണുന്നവൻ നിന്നെ സ്നേഹിക്കട്ടെ.

എന്റെ പാസ്റ്ററായ ജി. സുന്ദരം ഒരിക്കൽ എന്നോട് ഒരു സംഭവം വിവരിക്കുകയുണ്ടായി. ഒരു കുടുംബത്തിലെ മകൻ തന്റെ ചീത്ത കൂട്ടുകാരുടെ പ്രേരണയാൽ വീട് വിട്ട് പോകുവാൻ ശ്രമിച്ചു. മാതാപിതാക്കൾ അരുതെന്ന് പറഞ്ഞെങ്കിലും അവൻ അത് കൂട്ടാക്കിയില്ല. അവന്റെ അമ്മ അവനോട് യാചിച്ചു എങ്കിലും അവൻ അത് ശ്രദ്ധിച്ചതുപോലുമില്ല. അവസാനം അവൾ അവനോട് ഇങ്ങനെ പറഞ്ഞു: "മകനേ, ഞാൻ നിന്റെ ഉടുപ്പിൽ ചില വാക്കുകൾ തുന്നിച്ചേർക്കട്ടെ. ഈ ഉടുപ്പ് എല്ലാ സാഹചര്യങ്ങളിലും ധരിക്കുവാൻ മറന്നുപോകരുതേ". അവൾ ഇങ്ങനെ തുന്നിച്ചേർത്തു: "ഞാൻ രാജകീയ രക്തത്തിൽപെട്ടവനാണ്". അവൻ ആ ഉടുപ്പ് ധരിച്ചു. മുടിയനായ പുത്രന്റെ ചരിത്രം വേദപുസ്തകത്തിൽ വായിക്കുന്നതുപോലെ ഈ മക

2-ാം പേജിൽ തുടരും...

*Touching lives by Teaching...Since 1969*

## ഞങ്ങളുടെ നിയോഗം

**പ്രാചീന അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്ക് മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.**

തമിഴ്, മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, കന്നഡ, മറാത്തി, ബംഗാളി, ആസാമീസ്, പഞ്ചാബി, ഗുജറാത്തി, ഒറിയ, നേപ്പാളി, ഉറുദു, സിംഹളം, ആഫ്രിക്കൻസ് - മാസിക.



**"കുതിരയെ യുദ്ധദിവസത്തേക്കു ചമയിക്കുന്നു; ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു"** (സദൃശവാക്യങ്ങൾ 21:31)

ക്രിസ്തുയേശുവിൽ പ്രിയ സ്നേഹിതാ,




നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. നിങ്ങൾ എങ്ങനെയൊക്കെയായിരിക്കുന്നു? സ്വർഗ്ഗീയ സ്നേഹത്താൽ ദൈവം നമ്മെ ഒന്നിപ്പിച്ചിരിക്കുന്ന വലിയ അത്ഭുതകരമായ പ്രവൃത്തിയെ ഓർക്കുമ്പോൾ ഞങ്ങൾ സന്തോഷംകൊണ്ടു നിറയുന്നു. അതെ, നമ്മുടെ സ്നേഹം ഈ ലോകപരമായതല്ല, നിത്യതയുടേതാണ്. കൃപയുടെ ആസനത്തിനു മുമ്പിൽ നിങ്ങളെയും നിങ്ങൾക്കുള്ളവരെയും ഉയർത്തിക്കാട്ടുവാൻ ഞങ്ങൾ മറക്കാറില്ല എന്നത് കേൾക്കുമ്പോൾ നിങ്ങൾക്ക് അതിശയമുണ്ടാകും. നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവം നിങ്ങളെ നിശ്ചയമായും ധാരാളമായി അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യും. നിങ്ങളെയും നിങ്ങൾക്കുള്ളവരെയും നിങ്ങൾക്കുള്ളതിനെയും ദൈവം വേലികെട്ടി കാവൽ ചെയ്തു സംരക്ഷിക്കും. ദൈവം നിങ്ങളെ മറക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ല. "ഞാൻ നിന്നോട് എന്റെ നിയമം ചെയ്യും; ഞാൻ യഹോവ എന്നു നീ അറിയും എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്" (യെഹെസ്കേൽ 16:63).

ജനങ്ങൾക്കു സംഭവിച്ച നഷ്ടങ്ങളെക്കുറിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഞങ്ങൾക്ക് വാർത്തകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. പകർച്ചവ്യാധിയുടെ ഈ സമയത്തും കർത്താവായ ദൈവം നമ്മെ സംരക്ഷിച്ചു വഴി നടത്തുന്നു. ഇതിനായി നാം ദൈവത്തിന് നന്ദിയർപ്പിക്കണം.

മിഷണറി പ്രവർത്തനങ്ങളുമായി ഞങ്ങൾ മുന്നോട്ടു പോകുന്നതോടൊപ്പം ഞങ്ങളുടെ ആലയങ്ങളെയും അതിലെ അംഗങ്ങളെയും, വിളിയുടെ പ്രതിധ്വനി പ്രസിദ്ധീകരണങ്ങൾ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജുകൾ, ബൈബിൾ കോർ-തപാൽ കോഴ്സുകൾ, ഭരണസമിതി, ധനകാര്യം തുടങ്ങിയവയെയും പരിപാലിച്ചു വരുന്നു. പ്രതികൂലങ്ങളുടെ മദ്ധ്യേയും ഞങ്ങളുടെ ദൈനംദിന കാര്യാദികളിൽ ദൈവത്തിന്റെ അത്ഭുത കരസ്പർശം കാണുവാൻ സാധിക്കുന്നു. ജീവിതത്തിലെ ഭയവും അരക്ഷിതാവസ്ഥയും കാരണം ഈ മഹാമാരിയുടെ കാലത്ത് സാധാരണ ജനങ്ങളുടെ മാനസികനില മോശമായതായി കാണുന്നു. ധനകാര്യവുമായി ബന്ധപ്പെട്ട് ഞങ്ങളും വളരെയധികം പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. ഇതിനെല്ലാമുപരി ജീവിക്കുന്ന രക്ഷിതാവിന്റെ അചഞ്ചലമായ വാഗ്ദത്തം നമുക്കുണ്ട്. "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മെക്കായി കൂടിവ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമർ 8:28).

നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള കഷ്ടതകളിലൂടെ കടന്നുപോകുകയാണെങ്കിൽ, നിങ്ങളുടെ എല്ലാ സാഹചര്യങ്ങളിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അദൃശ്യമായ കരങ്ങൾ നിങ്ങളോടൊപ്പമുണ്ടെന്ന് ദയവായി അറിയുക.

ഞങ്ങളുടെ സഭാപ്രവർത്തനങ്ങളും മറ്റുള്ള എല്ലാ പരിപാടികളും നല്ല രീതിയിൽ നടന്നു വരുന്നു. നിങ്ങളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനും നന്ദിയർപ്പിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ!

കർത്താവിന്റെ സേവനത്തിൽ നിങ്ങളുടെ
**പാസ്റ്റർ. സാം സെൽവരാജ് & അലക്സ് സാംസൺ സാം**

**CHIEF EDITORS**
Pastor S. Sam Selva Raj
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M. Phil., B.Ed.

**Head Qrs. CO-ORDINATORS**
Bro. John Rodrigues
Sis. E. Daisy Rani

**ADVISORY BOARD**
Adv. Jose Abraham
Adv. N. Balaji, B.Com., B.L.
Dr. S. Rabinder Boaz, M.S.
Er. C.G.S. Baburao, B.Tech., M.Tech. (DM)
Aud. K. Puratchivendan, M.Com., B.L.

**PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
**Phone :** (+91-44) 2852 8282
2852 9293, 2854 7766
**Email :** sam@echoofhiscall.org
biblecor@yahoo.co.in
**Websites :**
www.echoofhiscall.org
www.echoofhiscall.com

**Our Ministries:** ☼ ECHO OF HIS CALL Monthly Magazines (16 languages) ☼ BIBLECOR - Postal Courses (3 languages) ☼ Theological Correspondence Courses (2 languages) ☼ Church Planting ☼ Nehemiah Bible Colleges ☼ Gospel Printing Press ☼ Great Commission Partners ☼ Village English High School ☼ Crusades ☼ 100 Prayer Warriors ☼ Community Development

*1-ാം പേജിന്റെ തുടർച്ച...*

നും തന്റെ ധനവും ആരോഗ്യവുമെല്ലാം ചെലവാക്കി മരിക്കാറായി. ആ സമയം അവന്റെ ഉടുപ്പിൽ തുന്നിയിരുന്ന വാക്കുകൾ അവനോടു സംസാരിക്കുവാൻ തുടങ്ങി. ഞാൻ രാജകീയ രക്തത്തിൽപെട്ടവനാണ് എന്ന വാക്കുകൾ അവനെ ആഴത്തിൽ സ്പർശിച്ചു. പിന്നീട് അവൻ തന്റെ ഇപ്പോഴത്തെ വൃത്തികെട്ട ജീവിതത്തെക്കുറിച്ച് ചിന്തിച്ചു. ഞാൻ എന്തിനാണ് ഇങ്ങനെ ജീവിക്കുന്നതെന്ന് അവൻ ചിന്തിച്ചു. അവസാനം, അവൻ തന്റെ മാതാപിതാക്കളെ തേടി യാത്രയായി. അവനെ കണ്ടയുടനെ മാതാപിതാക്കൾ അവനെ ആലിംഗനം ചെയ്ത് കുടുംബത്തോടൊപ്പം ജീവിക്കുവാൻ അനുവദിച്ചു.

പ്രിയ ദൈവജനമേ, നിങ്ങൾ ദൈവത്തിന്റെ മക്കളാണെന്നുള്ള സത്യം വിസ്മരിച്ച് പാപത്തിൽ ജീവിക്കുകയാണോ? നിങ്ങൾ രഹസ്യമായി ചില പാപപ്രവൃത്തികൾ ചെയ്യുകയാണ്. ദൈവം പറയുന്നു: "നിന്റെ അമ്മയുടെ ഗർഭപാത്രത്തിലായിരുന്നപ്പോൾ തന്നെ ഞാൻ നിന്നെ അറിഞ്ഞു, നീ ഈ സഭയിൽ വരണം എന്നും ഞാൻ അറിഞ്ഞു".

അതെ പ്രിയരേ, ഈ ലോകത്തിന്റെ സ്ഥാപനത്തിനു മുമ്പേ തന്നെ നമ്മുടെ കർത്താവായ ദൈവം നിന്നെ തിരഞ്ഞെടുത്തു. ദാവീദിനെപ്പോലെ നിങ്ങൾക്കും "യഹോവേ, നീ എന്റെ ഓഹരിയാകുന്നു" എന്നു പറയാൻ കഴിയണം (സങ്കീർത്തനങ്ങൾ 119:57). അതിനാൽ കർത്താവായ ദൈവം നിന്നെ നോക്കി നീ എന്റേതാണ് എന്നു പറയുകയാണ്. ഈ ലോകം നിന്നോടു മോശമായി പെരുമാറിയേക്കാം; അതു നിനക്കു ദോഷവും വരുത്തിയേക്കാം. പക്ഷെ നിന്നെ വിളിച്ച ദൈവം വിശ്വസ്തനാണ്.

ഈ ലോകത്തെ സൃഷ്ടിച്ച ദൈവമായ കർത്താവാണ് നിങ്ങളെ വിളിച്ചിരിക്കുന്നത്. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങൾക്ക് ഒരു പേര് നല്കി വിളിച്ചിട്ടുണ്ടാകാം. പക്ഷെ മാതാവിന്റെ ഗർഭപാത്രത്തിൽ നിങ്ങൾ ആയിരുന്നപ്പോൾ തന്നെ നിങ്ങളെ ദൈവം തിരഞ്ഞെടുത്തു, അത് ദൈവം നിങ്ങൾക്കു നൽകിയ പേരാണ്. ഒരിക്കൽ ഞാൻ എന്റെ അമ്മയോട് ചോദിച്ചു: "എനിക്ക് എന്തുകൊണ്ടാണ് സാം സെൽവരാജ് എന്ന പേര് നൽകിയത്"? ഞാൻ കുടുംബത്തിന്റെ സ്വത്തായതുകൊണ്ട് എന്ന് അമ്മ മറുപടി നൽകി.

അതെ, ശമുവേൽ മഹാനായ ഒരു പ്രവാചകനായിരുന്നു. "സെൽവരാജ്" എന്നതിന്റെ അർത്ഥം "എല്ലാ സമ്പത്തിന്റെയും രാജാവ്" എന്നാണ്. ഇത്രയും നല്ല ഒരു പേര് അവൻ എനിക്കു നൽകിയതിൽ ഞാൻ സന്തോഷിക്കുന്നു. ഒരു മുതിർന്ന പ്രാസംഗികൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "നാം അമ്മയുടെ ഗർഭപാത്രത്തിൽ ആയിരുന്നപ്പോൾ തന്നെ ദൈവം നമുക്ക് പേര് നൽകിയിരിക്കുന്നു". അതിനാൽ ഞാൻ മനസ്സിലാക്കുന്നത് എനിക്ക് സാം സെൽവരാജ് എന്നു പേര് നൽകിയത് ദൈവം തന്നെ എന്നാണ്. നിങ്ങൾക്ക് ഇപ്പോഴുള്ള പേര് നൽകിയിരിക്കുന്നത് ദൈവം തന്നെയാണ്.

ദൈവത്തിന്റെ ദൂതൻ യോസേഫിനു പ്രത്യക്ഷനായിട്ട് ഇങ്ങനെ അറിയിച്ചു. "അവൾ (മറിയ) ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേര് ഇടേണം എന്നു പറഞ്ഞു" (മത്തായി. 1:21). "യേശു" എന്ന പേരിന്റെ അർത്ഥം "തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കും" എന്നാണ്. അതുപോലെ തന്നെ ലൂക്കൊസ് 1:13 ൽ സെഖര്യാവിന്റെ അടുക്കൽ ഒരു ദൂതൻ പ്രത്യക്ഷപ്പെട്ട് തന്റെ മകനെ "യോഹന്നാൻ" എന്നു പേര് വിളിക്കണം എന്ന് അറിയിച്ചു.

അതിനാൽ മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് പേരിടുമ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ ശബ്ദം ശ്രവിച്ച് കർത്താവ് പറഞ്ഞുതരുന്നതുപോലെ അവർക്ക് പേരിടുക. നിന്റെ മനസ്സിനോട് അവൻ സംസാരിക്കും. ജീവന്റെ പുസ്തകത്തിൽ നിങ്ങളുടെ കുഞ്ഞുങ്ങളുടെ പേര് എഴുതി ചേർക്കും.

നമ്മെ പേർചൊല്ലി വിളിക്കുന്ന ഒരു ദിവസം കടന്നുവരും. ജീവന്റെ പുസ്തകത്തിൽ എല്ലാവരുടെയും പേര് എഴുതിയിട്ടുണ്ട്. കർത്താവ് നിന്നോട് പറയുകയാണ്: "നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ നദികളിൽ കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല; നീ തീയിൽകൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല" (യെശ.43:2). അതെ, ബുദ്ധിമുട്ടുകൾക്കും, കഷ്ടങ്ങൾക്കും, സങ്കടങ്ങൾക്കും നിങ്ങളെ ഉപദ്രവിക്കാൻ കഴിയുകയില്ല. ഞാൻ ദുഷ്കരമായ കാലത്താണ് ജീവിക്കുന്നത്: ഞാൻ ഈ മാരകമായ രോഗത്താൽ വലയുകയാണ് എന്നു നിങ്ങൾ ചിലപ്പോൾ വിചാരിച്ചേക്കാം. പക്ഷെ, നിങ്ങളെ വിളിച്ച ദൈവം പറയുകയാണ്: നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും.

യെശയ്യാവ് 43:3 ൽ നാം ഇങ്ങനെ വായിക്കുന്നു: "നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ; നിന്റെ മറുവിലയായി ഞാൻ മിസ്രയീമിനേയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു". നാം ദൈവജനമായതിനാൽ ദാരിദ്ര്യത്തിൽ ജീവിക്കുവാൻ പാടില്ല. കടഭാരത്തിൽ ആഴ്ന്നു പോകയില്ല. നാം എന്തിനാണ് ആലയത്തിൽ കടന്നു വരുന്നത്? ദൈവത്തിന് കാണിക്ക അർപ്പിക്കുകയും അവനോട് പ്രാർത്ഥിക്കുകയും ഉപവാസം ആചരിക്കുകയും ചെയ്യുന്നതെന്തിന്? ഇവയെല്ലാം ക്രിസ്തുവിനോട് കൂടുതൽ അടുക്കുവാൻ സഹായകമാകും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് ആശ്വാസവും സമ്പത്തും ഉണ്ടാകും. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" എന്ന് മത്തായി 6:53 ൽ നാം വായിക്കുന്നു.

ഞാൻ വളരെ എളിയ രീതിയിൽ ശുശ്രൂഷ ആരംഭിച്ചു എങ്കിലും ദൈവം എന്നെ ഇപ്പോഴുള്ള രീതിയിൽ അനുഗ്രഹിച്ചു. അവൻ മുൻ നിശ്ചയിച്ചിരിക്കുന്നതുപോലെ നമ്മെ പേർചൊല്ലി വിളിച്ചിരിക്കുന്നു. നാം അവനെ മുറുകെ പിടിക്കുകയാണെങ്കിൽ ഈജിപ്റ്റിനെയും സെബയെയും മറുവിലയായി നമുക്കു നൽകും.

അനേകം വ്യക്തികളുടെ ദാരുണമായ അന്ത്യം നാം കണ്ടിട്ടുണ്ട്. ഇവരൊക്കെയും ധനികരും പ്രശസ്തരുമൊക്കെയായിരുന്നെങ്കിൽകൂടിയും ദൈവമില്ലാതെ ജീവിച്ചതിനാൽ അന്ത്യം ദാരുണമായിരുന്നു. ദൈവം നമ്മെ നോക്കി "നീ എനിക്കു വിലയേറിയവനും മാന്യനുമായി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവനു പകരം ജാതികളെയും കൊടുക്കുന്നു" എന്നു പറയുകയാണ് (യെശയ്യാവ് 43:4). "നീ എനിക്കു വിലയേറിയവനും മാന്യനുമാണ്".

പ്രിയസഹോദരി സഹോദരന്മാരേ, നിങ്ങൾ ആരെങ്കിലുമായിരിക്കാം. ജീവിച്ചിരിക്കുന്ന ദൈവം ഇങ്ങനെ പറയുന്നു: "നിന്റെ ഇപ്പോഴ

*വിളിയുടെ പ്രതിധ്വനി വരിക്കാരുടെ വരിസംഖ്യകൊണ്ടും നിങ്ങളെപ്പോലെയുള്ള നല്ല സുഹൃത്തുക്കളുടെ സഹായംകൊണ്ടുമാണ് ഈ ശുശ്രൂഷയെ ദൈവം നടത്തിക്കൊണ്ടിരിക്കുന്നത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു (2 കൊരിന്ത്യർ 9:7). ബലഹീനന്മാരെ നേടേണ്ടതിന് ഞാൻ ബലഹീനർക്കു ബലഹീനനായി.... എല്ലാമായിത്തീർന്നു (1 കൊരിന്ത്യർ 9:22)*

ത്തെ വിഷമകരമായ അവസ്ഥയെക്കുറിച്ച് ഭാരപ്പെടേണ്ട". നിങ്ങൾ കഷ്ടത്തിലോ, കടഭാരത്തിലോ, രോഗത്തിലോ, വേദനയിലോ, വിശപ്പുള്ളവരായിട്ടോ, ഉറക്കമില്ലാത്തവരായിട്ടോ, നാളത്തെ പ്രശ്നങ്ങളെക്കുറിച്ച് ഭാരത്തിലോ ആയിരിക്കാം. പക്ഷെ ദൈവം ഇങ്ങനെ പറയുന്നു: "നീ എനിക്കു വിലയേറിയവനും മാന്യനുമായി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവനു പകരം ജാതികളെയും കൊടുക്കുന്നു". പ്രീയ ദൈവമക്കളെ, ലോകം നിങ്ങളെ കടഭാരമുള്ളവനായോ, രോഗിയായോ, ദരിദ്രനായോ, വിദ്യാഭ്യാസമില്ലാത്തവനായോ കാണുമായിരിക്കാം. പക്ഷെ ദൈവം പറയുന്നത് "നീ എനിക്കു വിലയേറിയവനും മാന്യനുമായിരിക്കുന്നു".

ഒരു സാധാരണ യാത്രക്കാരനായിട്ടു ഒരു കണ്ടക്ടറും ഒരു രോഗിയായിട്ട് ഡോക്ടറും നി ങ്ങളെ കാണും. പക്ഷേ യേശുക്രിസ്തു പറയുന്നത്: "നീ എനിക്കു വിലയേറിയ മകനാണ്, നീ എനിക്കു വിലയേറിയ മകളാണ്".

ഇപ്പോൾ തന്നെ ദൈവത്തിനായി നിങ്ങളെ സമർപ്പിക്കുവിൻ. നമ്മുടെ കർത്താവായ ദൈവം നിങ്ങളെ ശുദ്ധമായ സ്വർണ്ണം ആക്കി മാറ്റും. ചിലർ തങ്ങളുടെ ശാരീരികമായ ശക്തിയും ആരോഗ്യവും നഷ്ടപ്പെട്ടതിനുശേഷമാണ് ദൈവത്തിനായി സമർപ്പിക്കുന്നത്. നിങ്ങൾക്ക് ആരോഗ്യവും ശക്തിയും ഉള്ളപ്പോൾ തന്നെ ദൈവത്തെ അന്വേഷിക്കുവിൻ. നിങ്ങൾ കാലെടുത്തു വയ്ക്കുന്ന സ്ഥലം നിങ്ങളുടേതാകും. സദൃശവാക്യങ്ങൾ 28:20ൽ ഇങ്ങനെ പറയുന്നു: "വിശ്വസ്ത പുരുഷൻ അനുഗ്രഹസമ്പൂർണ്ണൻ; ധനവാനാകേണ്ടതിനു ബദ്ധപ്പെടുന്നവനോ ശിക്ഷ വരാതിരിക്കയില്ല."

ഞാൻ ഇത് അവസാനിപ്പിക്കട്ടെ. ഒരിക്കൽ ഞാൻ എന്റെ പാസ്റ്ററിനെ ചെന്നൈയിലുള്ള പുരസവക്കം എന്ന സ്ഥലത്തിൽ നിന്നും 15 കിലോമീറ്റർ അകലെയുള്ള എന്റെ ഭവനത്തിലേക്ക് കൊണ്ടുപോകുകയായിരുന്നു. എന്റെ കൈയ്യിൽ ആകെയുണ്ടായിരുന്നത് മൂന്നുരൂപ ഇരുപതു പൈസയായിരുന്നു. ടാക്സി എഗ്മോറിലെത്തിയപ്പോൾ മീറ്ററിൽ 3.20 രൂപ കാണിച്ച. പകുതി വഴിപോലും ആയിട്ടില്ലായിരന്നു. പാസ്റ്ററിനോട് പുറത്തിറങ്ങിയിട്ട് ബാക്കി ദൂരം നടന്നു പോകാം എന്നു പറയണോ എന്നറിയില്ലായിരുന്നു. ഞാൻ കരയുകയും പ്രാർത്ഥിക്കുകയു ചെയ്യുകയായിരുന്നു. കാർ വേഗത്തിൽ ഓടിക്കൊണ്ടിരുന്നു. അതിശയമെന്നു പറയട്ടെ, മീറ്റർ 3.20 കാണിച്ചതിനുശേഷം അത് പ്രവർത്തിക്കാതായി. ഡ്രൈവർ മീറ്ററിൽ നോക്കിയിട്ട് നഷ്ടബോധത്തോടെ നിന്നു. വളരെ സഞ്ചരിച്ചു എങ്കിലും മൂന്നുരൂപ ഇരുപതു പൈസ മാത്രം മീറ്ററിൽ കാണിച്ചതെങ്ങനെയെന്ന് അതിശയിച്ചു. "എഗ്മോർ മുതൽ മീറ്റർ പ്രവർത്തിക്കുന്നില്ലായിരുന്നു. ഭാരപ്പെടേണ്ട, എത്ര രൂപയായാലും ഞാൻ തരാം. പക്ഷെ, ഇപ്പോൾ എന്റെ കൈയ്യിൽ 3രൂപ 20 പൈസ മാത്രമേയുള്ളൂ" എന്ന് ഡ്രൈവറോട് പറഞ്ഞു. ഞാൻ എന്റെ വാച്ച് ഊരി അയാൾക്കു നൽകിയിട്ട് ഇങ്ങനെ പറഞ്ഞു: "ഞാൻ ചെന്നൈയിൽ തന്നെയാണ് താമസിക്കുന്നത്. അടുത്ത പ്രാവശ്യം നാം തമ്മിൽ കാണുമ്പോൾ ബാക്കി പൈസ തന്ന് വാച്ച് തിരികെ വാങ്ങിക്കൊള്ളാം". എത്രയാണ് മുഴുവനായുള്ള തുകയെന്ന് ഞാൻ അയാളോട് തിരക്കി.

ഡ്രൈവർ എന്റെ വാച്ച് വാങ്ങിയില്ല. താങ്കൾ ഒരു ക്രിസ്ത്യാനിയാണോ? അയാൾ കുടിക്കാൻ വെള്ളം ചോദിച്ച് വാങ്ങി കുടിച്ചുകൊണ്ട് മൂന്നുരൂപ ഇരുപത് പൈസപോലും വാങ്ങാതെ മടങ്ങിപ്പോയി. ഞാൻ എന്റെ ദൈവത്തെ സ്നേഹിച്ചതിനാൽ അവൻ ഒരു അത്ഭുതം എനിക്കായി ചെയ്തു. ചില വർഷങ്ങൾക്കുശേഷം ആ ടാക്സിക്കാരൻ എന്റെ ഭവനത്തിലേക്ക് കടന്നുവന്നു. ആ സമയത്ത് എന്റെ ഭവനത്തിനു മുമ്പിൽ ഒരു മനോഹരമായ പുതിയ അംബാസഡർ കാർ കിടക്കുന്നത് അയാൾ കണ്ടു. ആശ്ചര്യത്തോടെ അയാൾ ഇങ്ങനെ ചോദിച്ചു: "ഇത്രയും നല്ല കാർ ഉണ്ടായിരുന്നപ്പോൾ എന്തിനാണ് എന്റെ ടാക്സിയിൽ യാത്ര ചെയ്തത്"? ഞാൻ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: "ആ സമയത്ത് ഞാൻ ഒരു ദരിദ്രനായിരുന്നു. മൂന്നുരൂപ ഇരുപതുപൈസ മാത്രം ഉള്ള ഒരു വ്യക്തിയായിരുന്നു. ഇപ്പോൾ ദൈവം എന്നെ അനുഗ്രഹിച്ച് ഉയർത്തിയിരിക്കുന്നു".

വിശ്വസ്തനായ മനുഷ്യൻ അനുഗ്രഹങ്ങളാൽ സമൃദ്ധനാകും. ഒരു ടാക്സിയുടെ കൂലിപോലും കൊടുക്കാനില്ലായിരുന്ന എന്നെ ദൈവം ഒരു പുതിയ കാറിന്റെ ഉടമസ്ഥനാക്കി. വേദപുസ്തകം പറയുന്നത് "നീ എന്റെ ദൃഷ്ടിയിൽ വിലപ്പെട്ടവനാകയാൽ നീ ബഹുമാനിക്കപ്പെടുന്നവനായിത്തീർന്നു" എന്നാണ്.

നല്ലവരായ അനേകം പേരെ ദൈവം നിങ്ങളുടെ അടുത്തേക്ക് അയയ്ക്കും. നിങ്ങളുടെ സന്തോഷത്തെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും അനേകർ തിരക്കാൻ ഉണ്ടായിരിക്കും. നിങ്ങളുടെ കരങ്ങളുടെ അദ്ധ്വാനം കൊണ്ട് നിങ്ങൾക്ക് അനേകരെ പോറ്റിപ്പുലർത്താൻ സാധിക്കും. നിങ്ങളുടെ വായിൽ നിന്നും വരുന്ന വാക്കുകൾകൊണ്ട് അനേകർക്ക് സാന്ത്വനമേകാനാകും. തങ്ങളുടെ യജമാനന്റെ മുഖത്തേക്ക് പ്രതീക്ഷയോടെ നോക്കുന്ന ദാസന്മാരെപ്പോലെ അനേകർ നിങ്ങളുടെ മുഖത്തേക്ക് നോക്കും. ദൈവം നിന്നെ വാലല്ല, തലയാക്കും. അവൻ നിന്നെ താഴ്ത്താതെ ഉയർത്തുക തന്നെ ചെയ്യും.

ദൈവം നിങ്ങളെ മുൻകൂട്ടി നിശ്ചയിക്കുകയും വിളിക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ "നിങ്ങൾ രാജകുടുംബത്തിൽപെട്ടവനാണ്" എന്നു കാണിക്കുവാൻ ഒരു അടയാളവും നൽകിയിരിക്കുന്നു.

1977 ജൂൺ 22-ാം തീയതി ഞാൻ നഗരത്തിലെ നടപ്പാതയിൽ ഇരിക്കുമ്പോൾ എനിക്കു വിശന്നു. കടകളെല്ലാം പൂട്ടികഴിഞ്ഞിരുന്നു. അപ്പോൾ രണ്ടുപോലീസുകാർ കടന്നുവന്ന് അവരോടൊപ്പം വരാൻ പറഞ്ഞു. ഞാൻ രാജകീയ വംശത്തിൽപെടുന്നവനാണെന്ന് അവർക്ക് അറിയില്ലായിരുന്നു. "രാത്രി രണ്ടുമണിക്ക് താങ്കൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്?" എന്ന് അവർ എന്നോടു ചോദിച്ചു. "എനിക്ക് ഇവിടെ ആരുമില്ല, പക്ഷെ എന്നെ ഇവിടെ കൊണ്ടുവന്നത് എന്റെ ദൈവമാണ്" എന്നു ഞാൻ മറുപടി പറഞ്ഞു.

"എഴുന്നേറ്റ് പോലീസ് സ്റ്റേഷനിൽ വരിക" എന്ന് ഒരു പോലീസുകാരൻ പറഞ്ഞു. അപ്പോൾ മറ്റെ പോലീസുകാരൻ ഇങ്ങനെ പറഞ്ഞു: "നിൽക്ക്, അയാളുടെ മുഖത്ത് നോക്കിയിട്ട് നല്ല കുടുംബത്തിൽ നിന്നുള്ളയാളാണെന്ന് തോന്നുന്നു. ഒരു കള്ളനോ മയക്കുമരുന്നിന് അടിമയായവനോ ആയിട്ട് എനിക്ക് തോന്നുന്നില്ല. അയാളെ വെറുതെ വിടാം". അവർ എന്നെ അവിടെ തന്നെ ഇരിക്കാൻ അനുവദിച്ചു. അവർ എന്നെക്കുറിച്ച് നല്ല സാക്ഷ്യമാണ് പറഞ്ഞത്.

"നീ എനിക്കു വിലയേറിയ മകനാണ്, നീ എനിക്കു വിലയേറിയ മകളാണ്" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ദൈവം നിങ്ങൾക്ക് ആയിരങ്ങളെ നൽകും. നിന്റെ നല്ല കാലത്തും മോശമായ കാലത്തും ഈ ലോകത്തിലെ ജനങ്ങൾ നിങ്ങളെ പിന്തുണയ്ക്കും. അവർ നിങ്ങളെ അഭിനന്ദിക്കുകയും പുകഴ്ത്തുകയും ചെയ്യും. ദൈവവചനം ഇങ്ങനെ പറയുന്നു: "ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ" (യെശയ്യാവ് 43:1). നീ മുടിയനായ പുത്രനെപ്പോലെ ആകരുത്. അവൻ വളരെ താമസിച്ചാണ് അവൻ രാജകീയ രക്തത്തിൽപ്പെടുന്നവനാണെന്നുള്ള സത്യം തിരിച്ചറിഞ്ഞത്. ഇപ്പോൾ തന്നെ വിവേകപൂർവ്വം പെരുമാറുക. നീ രാജകീയ കുടുംബത്തിലെ അംഗമാണ്. വേദപുസ്തകം ഇങ്ങനെ പറയുന്നു: "നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാ

*6-ാം പേജിൽ തുടരും...*

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗദൗത്യ പങ്കാളികൾ

## പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13)

## വേഗത കൂടുതൽ (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

**(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)**

### ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു!

### സ്തോത്രത്തിനായി

**ഫെബ്രുവരി 19 :** ദൈവം ഞങ്ങളുടെ ഞായർ ആരാധനകൾ അനുഗ്രഹിച്ചു.

**ഫെബ്രുവരി 20 :** ദൈവം നമ്മുടെ മുഖ്യ/സഹ സഭകളെ വിശ്വാസികളാൽ അനുഗ്രഹിച്ചു.

**ഫെബ്രുവരി 21 :** മുഖ്യസഭയിൽ നടന്ന സ്ത്രീകളുടെ കൂട്ടായ്മയെ ദൈവം അനുഗ്രഹിച്ചു.

**ഫെബ്രുവരി 22 :** നമ്മെ പ്രാർത്ഥനയിലൂടെയും സഹായത്തിലൂടെയും പിന്തുണയ്ക്കുന്നവർക്കായി.

**ഫെബ്രുവരി 23 :** നമ്മുടെ പ്രിന്റിംഗ് പ്രസ്സിൽ അച്ചടിച്ച 16 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്കായും, അവ മിഷൻ ഫീൽഡുകളിൽ എത്തിച്ചതിനായും.

**ഫെബ്രുവരി 24 :** **വിളിയുടെ പ്രതിധ്വനി** മണിപ്പൂരി ഭാഷയിലും പ്രസിദ്ധീകരണം ആരംഭിക്കാൻ ദൈവം സഹായിച്ചതിനായി.

**ഫെബ്രുവരി 25 :** **വിളിയുടെ പ്രതിധ്വനി** മറ്റു നാലു ഭാഷകളിൽ കൂടി പ്രവർത്തനം ആരംഭിക്കുവാൻ ദൈവം തന്ന കാഴ്ചപ്പാടിനായി.

**ഫെബ്രുവരി 26 :** നമ്മുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി.

**ഫെബ്രുവരി 27 :** സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ കടന്നുചെല്ലുവാൻ ദൈവം സഹായിച്ചതിനായി.

**ഫെബ്രുവരി 28 :** മുഖ്യ സഭയിലെ പുരുഷന്മാരുടെ യോഗത്തെ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 01 :** കഴിഞ്ഞ മാസത്തെ **വിളിയുടെ പ്രതിധ്വനി**യുടെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 02 :** മിഷണറി പ്രവർത്തകരിൽ നിന്നും നല്ല അവലോകനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 03 :** ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സംരക്ഷിച്ചതിനായി.

### പ്രാർത്ഥനയ്ക്കായി

**മാർച്ച് 04 :** **വിളിയുടെ പ്രതിധ്വനി**യുടെ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും ദൈവം നിറവേറ്റേണ്ടതിനായി.

**മാർച്ച് 05 :** കൊറോണ എല്ലാ രാജ്യങ്ങളിൽ നിന്നും മാറ്റപ്പെടുവാൻ.

**മാർച്ച് 06 :** കൊറോണ ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടി.

**മാർച്ച് 07 :** ഇംഗ്ലീഷ് അസോസിയേറ്റ് എഡിറ്റർ ബ്ര. പോൾരാജിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി.

**മാർച്ച് 08 :** മിഷൻ ഫീൽഡിലെ പ്രവർത്തകർക്കായി.

**മാർച്ച് 09 :** ലോകം മുഴുവനുമുള്ള ആത്മീയ നേതാക്കൾക്കായി.

**മാർച്ച് 10 :** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ രാജ്യത്തു നിന്നും തുടച്ചു നീക്കുവാൻ.

**മാർച്ച് 11 :** **വിളിയുടെ പ്രതിധ്വനി** മണിപൂരി ഭാഷയുടെ അസോസിയേറ്റ് എഡിറ്റർ റവ. ഡോ. റിഷികന്താ സൊറോഖൈബത്തിനായി.

**മാർച്ച് 12 :** **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയ്ക്ക് അർപ്പണബോധമുള്ള പ്രവർത്തകർ കൂടുതലായി ലഭിക്കുവാൻ.

**മാർച്ച് 13 :** ക്രിസ്തീയ സംഘടനകൾക്കുവേണ്ടി.

**മാർച്ച് 14 :** കോഡിനേറ്റർമാർക്കും ശുശ്രൂഷകർക്കും പുതിയ ശക്തി ലഭിക്കുവാൻ

**മാർച്ച് 15 :** **വിളിയുടെ പ്രതിധ്വനി**യുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, ഗ്രേറ്റ് കമ്മീഷൻ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കായും.

**മാർച്ച് 16 :** നമ്മുടെ ശുശ്രുഷകളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടേണ്ടതിനായി.

**മാർച്ച് 17 :** കോവിഡ് കാലത്തെ **വിളിയുടെ പ്രതിധ്വനി**യുടെ ശുശ്രൂഷകളെ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 18 :** ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം തുടർന്നും സംരക്ഷിക്കുവാൻ.

...4-ാം പേജിന്റെ തുടർച്ച

ന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1പത്രോസ് 2:9). "നീ സവിശേഷതയുള്ളവനാണ്. ദൈവം തന്റെ ദൂതന്മാരാൽ നിങ്ങളെ കാത്തു പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യും.

കണ്ണിന്റെ കൃഷ്ണമണിയെപ്പോലെ ദൈവം നിങ്ങളെ കാത്തു പരിപാലിക്കുകയാണ്. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതെ അവൻ നിന്നെ കാത്തുപരിപാലിക്കും. നിന്റെ എല്ലാ ആവശ്യങ്ങളെയും അവൻ നിറവേറ്റിത്തരും. ഇപ്പോൾ നിങ്ങൾക്ക് എന്തിനെക്കുറിച്ചെങ്കിലും ഭയമുണ്ടെങ്കിൽ, മനുഷ്യരുടെ വാക്കുകൾക്കു പിന്നാലെ പോകരുത്. ഈ ലോകം നിങ്ങളെ ഭീഷണിപ്പെടുത്തിയേക്കാം. ദൈവം പറയുന്നതെന്തെന്നു ശ്രദ്ധിക്കുവിൻ: "ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ".

ഇപ്പോൾ നിങ്ങൾ നെഞ്ചിൽ കരങ്ങൾ ചേർത്തുവച്ചുകൊണ്ട് "ഞാൻ യേശുവിന്റെ വകയാണ്" എന്ന് പറയുവിൻ. കണ്ണിലെ കൃഷ്ണമണിപോലെ അവൻ നിങ്ങളെ സംരക്ഷിക്കും. നിങ്ങൾ കടന്നുപോകുമ്പോൾ പോലും അവൻ നിങ്ങളെ സംരക്ഷിക്കും. നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ ആവശ്യങ്ങളെയും അവൻ നിറവേറ്റിത്തരും. നിങ്ങൾക്ക് അനേകം സ്നേഹിതരെ നൽകി പരിപാലിക്കും.

ഞങ്ങൾ 16 ഭാഷകളിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടു പോകുമ്പോഴാണ് ദൈവം എന്നോടു മറ്റൊരു ഭാഷയിലൂടെ, മറ്റൊരു ഭാഷ സംസാരിക്കുന്ന ജനങ്ങളുടെ മദ്ധ്യേ ശുശ്രൂഷിക്കുവാൻ ആവശ്യപ്പെടുന്നത്. ഏതു ഭാഷയാണെന്ന എനിക്ക് അറിയില്ല. മണിപ്പൂരിലുള്ള ഒരു പാസ്റ്റർ എന്നെ വന്നുകണ്ട് മണിപ്പൂരി ഭാഷയിൽ മാസിക പ്രസിദ്ധീകരിക്കുവാനുള്ള അവരുടെ ആഗ്രഹം എന്നെ അറിയിച്ചു. അതിനുള്ള അനുവാദം തരുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. അനുവാദം നൽകിയപ്പോൾ വിളിയുടെ പ്രതിധ്വനി മാസിക പ്രസിദ്ധീകരിക്കുവാൻ ദൈവം അനുവദിച്ചു. ദൈവം അതിശക്തമായി മണിപ്പൂരിലും പ്രവർത്തിക്കുന്നു.

ഇങ്ങനെയാണ് ദൈവം പ്രവർത്തിക്കുന്നത്. അത് ഒരിക്കലും വെറുതെയാകുകയില്ല. ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവനു പകരം ജാതികളെയും കൊടുക്കുന്നു. അതെ പ്രിയരേ, ദൈവത്തോടുള്ള നിങ്ങളുടെ പ്രതിബദ്ധതയ്ക്കു പകരമായി ദൈവം നിങ്ങൾക്ക് പല ഭാഷകൾ സംസാരിക്കുന്നവരേയും വിവിധ സംസ്ക്കാരത്തിലുള്ളവരെയും ദാനമായി നൽകും. അതാണ് നമ്മോടുള്ള ദൈവത്തിന്റെ വാഗ്ദത്തം.

നിങ്ങൾ ദൈവത്തിന്റെ ജനമാണ്. നിങ്ങൾ അവനെ നിങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചതുമാണ്. നിങ്ങൾ അവന്റെ മക്കളാണ്. അവന്റെ കരുണയും സ്നേഹവും അനുഭവിച്ചവരാണ്. അമ്മയുടെ ഗർഭപാത്രത്തിലായിരുന്നപ്പോൾ തന്നെ അവൻ നിങ്ങളെ തെരഞ്ഞെടുത്തതാണ്. വലിയ പ്രവൃത്തികൾ ചെയ്യുവാൻ അവൻ നിങ്ങളെ പ്രാപ്തരാക്കുകയാണ്. "നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടെ ഇരിക്കും; നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല; നീ തീയിൽ കൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല". നീ എന്റെ വിലയേറിയ പുത്രനാണ്; നീ എന്റെ വിലയേറിയ പുത്രിയാണ്. ദൈവം നമ്മുടെ ശുശ്രൂഷകൾ കാണാൻ സന്തോഷമുള്ളവനാണ്. ദൈവം നിങ്ങളെ നോക്കി ഇങ്ങനെ പറയുകയാണ്: "നീ എന്റെ വിലയേറിയ മകനാണ്, നീ എന്റെ വിലയേറിയ മകളാണ്".

ഒരുതരത്തിലും നിങ്ങൾ നിങ്ങളെ വില കുറച്ചു കാണരുത്. നിങ്ങൾ രാജകുടുംബത്തിലെ അംഗമാണ് എന്ന് ഓർക്കുക. മുടിയനായ പുത്രൻ, താൻ രാജകുടുംബത്തിലെ അംഗമാണെന്നു മനസ്സിലാക്കി അനുതാപത്തോടെ മാതാപിതാക്കളുടെ അടുക്കൽ മടങ്ങിപ്പോയതുപോലെ നിങ്ങളും ഇന്നുതന്നെ അനുതപിക്കുവിൻ. നമ്മുടെയുള്ളിലൂടെ ഒഴുകുന്നത് യേശുക്രിസ്തുവിന്റെ രക്തമാണ് എന്ന് ഓർക്കുവിൻ. നിങ്ങൾ ഇന്ന് അവന്റെ രക്തകോട്ടയുടെ മറവിലാണ്. ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല. നിന്റെ ജീവിതത്തിൽ നല്ലതുമാത്രം സംഭവിക്കും. നിങ്ങൾ കടം വാങ്ങുകയില്ല, കടംകൊടുക്കുന്നവനായിത്തീരും. "അതുകൊണ്ട് അവൻ തക്ക സമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ" (1 പത്രോസ് 5:6). ▪

**വയലേലയിൽ നിന്നുള്ള അറിയിപ്പ്**

പഞ്ചാബിൽ ഉള്ള മറാർഡു കുടുംബത്തിലെ എല്ലാവരുടെയും നാമത്തിലുള്ള പുതുവത്സരാശംസകൾ നേരുന്നു. നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ വിശുദ്ധവും മഹത്തരവുമായ നാമത്തിൽ 2021 ൽ നന്മകൾ നേരുന്നു.

അനുഗ്രഹത്തിന്റെയും ധൈര്യത്തിന്റെയും സന്ദേശമടങ്ങിയ ഇ-മെയിൽ സന്ദേശം ലഭിച്ചതിൽ വ്യക്തിപരമായി എന്റെ സന്തോഷം രേഖപ്പെടുത്തുന്നു. കർത്താവായ ദൈവത്തിലും അവന്റെ വിശുദ്ധ വചനത്തിലും കൂടുതൽ ശക്തരായിരിക്കുവാൻ ഈ വാക്കുകൾ ഞങ്ങളെ പ്രചോദിപ്പിക്കുന്നു.

2020 ഡിസംബർ മാസത്തിൽ, ദൈവരാജ്യത്തിന്റെ സുവിശേഷം യേശുക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞിട്ടില്ലാത്ത ജനത്തിന്റെ മദ്ധ്യേ അറിയിക്കുവാൻ എനിക്കും എന്റെ ഭാര്യയ്ക്കും (നീലം കൗർ മറാർഡു) സാധിച്ചു, അതിനായി ദൈവം ഞങ്ങളെ ഉപയോഗിച്ചു എന്ന് നിങ്ങളെ അറിയിക്കുവാൻ സന്തോഷമുണ്ട്.

പഞ്ചാബ് സംസ്ഥാനത്തിലെ അതിശൈത്യമുള്ള ഈ തണുത്ത കാലാവസ്ഥയിൽ വിവിധ സ്ഥലങ്ങളിലായി 14 പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിച്ച് ദൈവവചനം പ്രഘോഷിക്കുവാൻ ദൈവം ഞങ്ങളെ സഹായിച്ചു.

ഞങ്ങളുടെ കഷ്ടതകളിൽ ആശ്വാസപ്രദനായിരിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ നാമത്തിൽ കഷ്ടത്തിലായിരിക്കുന്നവർക്ക് ആശ്വാസം നൽകുവാനും, ഞങ്ങളെ ദിനംതോറും വിജയകരമായി നടത്തുന്നവനുമായ കർത്താവായ ദൈവത്തിന് ഞങ്ങൾ നന്ദിയും സ്തോത്രവും കരേറ്റുന്നു.

1969 മുതൽ താങ്കൾ കുടുംബമായി ചെയ്യുന്ന ദൈവീക ശുശ്രൂഷകൾക്കായി ഞങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. യേശുക്രിസ്തുവിന്റെ പരിശുദ്ധനാമത്തിൽ താങ്കളുടെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റിത്തരുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ദൈവരാജ്യത്തിൽ ഒന്നിനും മുട്ടില്ലല്ലോ. ഞങ്ങൾക്ക് ദൈവത്തിലും അവന്റെ പരിശുദ്ധ വചനത്തിലും പരിപൂർണ്ണ വിശ്വാസമുണ്ട്. നടക്കുകയില്ല എന്നു തോന്നുന്നവ നടത്തിത്തരികയും ചെയ്യാൻ ദൈവം ഞങ്ങളുടെ കൂടെയുണ്ട്. അവന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ!

**റവ. ഷാൻഷെർ സിംഗ് മറാർഡു, പഞ്ചാബ്**

# എല്ലാ അവകാശങ്ങളും പൂർത്തീകരിക്കുവാൻ!

തിബര്യാസ് കൈസറിന്റെ വാഴ്ചയുടെ 15-ാം ആണ്ടിൽ, അല്ലെങ്കിൽ നമ്മുടെ ഇപ്പോഴത്തെ തീയതി നിർണ്ണയപ്രകാരം എ.ഡി.30-ാം ആണ്ടിൽ സെഖര്യാവിനും ഭാര്യ എലിസബത്തിനും ദൈവസന്നിധിയിൽ നിന്നും അരുളപ്പാടുണ്ടായി. അവരുടെ മകന്റെ നാവിലൂടെ ജനങ്ങൾ അതു ശ്രവിച്ചു. പാപത്തെക്കുറിച്ച് അനുതപിക്കുവാനും സ്നാനപ്പെടുവാനും അവൻ ജനത്തെ പ്രസംഗത്തിലൂടെ അറിയിച്ചു. അവന്റെ പേര് യോഹന്നാൻ എന്നായിരുന്നു. അവനെ സ്നാപകൻ എന്നും സ്നാനപ്പെടുത്തുന്നവനെന്നും വിളിപ്പേരുണ്ടായിരുന്നു. യോർദ്ദാൻ നദിയുടെ തീരത്തുള്ള അനേകർ അവന്റെ വാക്കുകൾ ശ്രവിച്ച് തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ചു. ചെയ്തുപോയ പാപങ്ങളുടെ മോചനമാണ് അനുതാപത്തിലൂടെ സംഭവിക്കുന്നത് (2 കൊരിന്ത്യർ 7:10). ഇതിലൂടെ ദൈവീക വഴികളിൽ തങ്ങളെത്തന്നെ സമർപ്പിച്ച് ജീവിതം ചെയ്യുവാനുള്ള മാറ്റം ഉണ്ടാകുന്നു. (അ.പ്ര. 3:10; 26:20). അവർ അനുതപിച്ച്, പാപങ്ങൾ ഏറ്റുപറഞ്ഞ്, യോർദ്ദാൻ നദിയിൽ യോഹന്നാൻ സ്നാപകനാൽ സ്നാനപ്പെടുത്തുന്നു (മത്തായി. 3:5,6). സ്നാനപ്പെടുക, സ്നാനം എന്നാൽ വെള്ളത്തിൽ മുഴുവനായി മുങ്ങുക എന്നാണ്.

“അനന്തരം യേശു യോഹന്നാൻ സ്നാനം ഏൽക്കുവാൻ ഗലീലയിൽ നിന്ന് യോർദ്ദാൻ വരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി: “നിന്നാൽ സ്നാനം ഏൽക്കുവാൻ എനിക്കു ആവശ്യം. പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു. യേശു അവനോട്: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകലനീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം എന്നു ഉത്തരം പറഞ്ഞു; എന്നാറെ അവൻ അവനെ സമ്മതിച്ചു” (മത്താ. 3:13-15).

യോഹന്നാനിൽ നിക്ഷിപ്തമായിരുന്ന ഉദ്ദേശ്യം ലോകത്തിന്റെ ആത്മീയ രക്ഷകനായ മശിഹായുടെ വഴി ഒരുക്കുക എന്നതായിരുന്നു (ലൂക്കോസ് 7:27; മലാഖി 3:1). യേശുവിന്റെ പ്രത്യേക ഗുണങ്ങൾ തിരിച്ചറിഞ്ഞ യോഹന്നാൻ, യേശു തന്നെ സ്നാനപ്പെടുത്തിയാൽ ഉചിതമായിരിക്കും എന്നു കരുതി. യോഹന്നാനെ സംബന്ധിച്ചിടത്തോളം സംഭവിക്കാവുന്നതിന്റെ നേരെ വിപരീതമായിരുന്നു യേശുക്രിസ്തുവിന്റെ അപേക്ഷ. പക്ഷെ ദൈവഹിതം യേശുക്രിസ്തുവിന് അറിയാമായിരുന്നു. തന്റെ പൊതു ശുശ്രൂഷയുടെ പ്രാരംഭത്തിൽ വെള്ളത്താൽ സ്നാനപ്പെടേണ്ടത് ആവശ്യമെന്ന് അവന് അറിയാമായിരുന്നു (ലൂക്കോസ് 3:21-23). യോഹന്നാനോട് യേശു കാരണം പറഞ്ഞു. സകല നീതിയും നിറവേറപ്പെടേണ്ടതിന് ഇത് ആവശ്യമായിരുന്നു. അതിനാൽ യോഹന്നാൻ സമ്മതിച്ചിട്ട് യേശുവിനെ യോർദ്ദാൻ നദിയിൽ സ്നാനപ്പെടുത്തി (മർക്കൊസ് 1:9,10). പക്ഷെ ഈ വാക്കുകൾ കൊണ്ട് യേശുക്രിസ്തു എന്താണ് ഉദ്ദേശിച്ചത്? തന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ സകല നീതിയും നിറവേറ്റപ്പെടേണ്ടതിനായി യേശുക്രിസ്തു സ്നാനം ഏറ്റപ്പോൾ യേശുക്രിസ്തു രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ നേടിയെടുത്തു.

## യേശുക്രിസ്തു ദൈവത്തെ അനുസരിച്ചു

ഉചിതമായ സമയം ആയപ്പോൾ മോശെയുടെ ന്യായപ്രമാണപ്രകാരം ജീവിക്കുന്ന യഹൂദരെയും, മറ്റുള്ള എല്ലാ ജനങ്ങളെയും രക്ഷയുടെ പാതയിൽ എത്തിക്കുവാനായി ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു (യോഹന്നാൻ 3:16; റോമർ 4:7; 5:2; ഗലാത്യർ 4;14; എബ്രായർ 2:9-10). ലോകത്തിന്റെ പാപത്തെ മോചിക്കുവാനുള്ള പാപരഹിതമായ യാഗമായിത്തീരണമെന്നുള്ള ദൈവത്തിന്റെ പദ്ധതി യേശുക്രിസ്തുവിലൂടെ നിറവേറപ്പെടുന്നതാണ് (മത്തായി 5:17; യോഹന്നാൻ 6:38-40; ഗലാത്യർ 1:4;1 പത്രൊസ് 2:24; 1 യോഹന്നാൻ 3:5). ഇങ്ങനെയാകണമെങ്കിൽ നിയമപ്രകാരം പൂർണ്ണൻ ആയിരിക്കണം. കൂടാതെ ദൈവത്തോടുള്ള അനുസരണത്തിൽ പൂർണ്ണനുമായിരിക്കണം (എബ്രായർ 5:8,9; 1 പത്രൊസ് 1:18,19). ഇതാണ് കാരണമെന്ന് യേശു സമ്മതിക്കുന്നുണ്ട് (യോഹന്നാൻ 4;34; 14:31; 15:10; എബ്രായർ 10:9). ദൈവത്തിന്റെ പ്രവൃത്തികൾ അവൻ ചെയ്യുകയും (യോഹന്നാൻ 9;4) അവൻ എന്താണ് പറയേണ്ടതെന്ന് പിതാവ് ആഗ്രഹിച്ചുവോ അതുമാത്രം പറയുകയും ചെയ്തു (യോഹന്നാൻ 12:48-50). മരണം വരെ അവൻ അനുസരണമുള്ളവനായിരുന്നു (ഫിലിപ്പിയർ 2:8). അവന്റെ അനുസരണവും, പുനരുത്ഥാനനവും, ദൈവകൃപയും (അ.പ്ര 1:22; റോമർ 3:24,25; 6:5-11; എഫെസ്യർ 2:5-8; 1 പത്രൊസ് 1:3,4) എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും രക്ഷ ലഭ്യമാക്കി (റോമർ 5:19-21; 2കൊരിന്ത്യർ 5:15; ഗലാത്യർ 3:7,8; എബ്രായർ 5:8,9; തീത്തോസ് 2:11).

യേശുക്രിസ്തു വിശ്വസ്തനും പാപപരിഹിതനുമായിരുന്നു (എബ്രാ. 2:17; 3:2; 4:15; 1 പത്രൊസ് 2:22). പാപരഹിതനായിരുന്നതിനാൽ സ്നാനപ്പെടുന്നതിനു മുമ്പ് അനുതപിക്കുകയോ പാപങ്ങൾഏറ്റുപറയുകയോ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. പക്ഷെ സ്നാനം അനിവാര്യമായിരുന്നു. അനേകം കാര്യങ്ങളിലൂടെ ഇതിന്റെ പ്രാധാന്യം നമുക്കു കാണുവാൻ സാധിക്കും. എല്ലാ നീതിയും നിറവേറപ്പെടേണ്ടതിന് ഇത് ആവശ്യമായിരുന്നു. സ്നാനപ്പെടുത്തിയതിനു ശേഷം യോഹന്നാൻ സ്നാപകൻ യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്ന് സാക്ഷ്യപ്പെടുത്തി. “പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു: ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്; എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നതുകൊണ്ട് എനിക്കു മുമ്പനായിത്തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും അവൻ യിസ്രായേലിനു വെളിപ്പെടേണ്ടതിനു ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു”. യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞതു: “ആത്മാവ് ഒരു പ്രാവുപോലെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്നത് ഞാൻ കണ്ടു; അത് അവന്റെ മേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു:ആരുടെ മേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നേ എന്നു സാക്ഷ്യം പറകയും ചെയ്തിരിക്കുന്നു (യോഹന്നാൻ 1;29-34).

സ്നാനം കഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് യേശുക്രിസ്തുവിന്റെ മേൽ വന്നതാണ് ഏറ്റവും പ്രാധാന്യമുള്ള കാര്യം. കൂടാതെ പിതാവായ ദൈവം യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിൽ തൃപ്തനായതിന്റെ സാക്ഷ്യപത്രവും ഉണ്ടായിരുന്നു. “യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽവരുന്നത് അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു

എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി" (മത്തായി 3:16,17; മർക്കൊസ് 1:10, 11; ലൂക്കോസ് 3:21,22). യേശുക്രിസ്തു അനുസരണത്തിലൂടെ എല്ലാ നീതിയും നിറവേറ്റി. അവന്റെ സ്നാനത്തിലൂടെ സകല നീതിയും നിറവേറപ്പെടുന്ന മറ്റൊരു നേട്ടവുമുണ്ട്.

**യേശുക്രിസ്തു നമുക്ക് ഉദാഹരണം നൽകിയിരിക്കുന്നു**

അവന്റെ സ്നാനത്തിലൂടെ നാം പിന്തുടരേണ്ട ഒരു ഉദാഹരണം യേശു നമുക്കു നൽകി. മാനവരാശിക്കുവേണ്ടി യേശുക്രിസ്തു മരിച്ചു എന്നു മാത്രമല്ല അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നും നാം ആദ്യം മനസ്സിലാക്കണം (മത്താ 16:2; 28:5-7; പ്രവൃത്തികൾ 1:3; 2:23-24; 31:32). പുനരുത്ഥാരണത്തിനുശേഷം യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു ദൈവത്തിന്റെ വലത്തു ഭാഗത്ത് തനിക്കു നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥലത്ത് ഇരുന്നു (മർക്കൊസ് 16:9; യോഹന്നാൻ 20;17; പ്രവൃത്തികൾ 2:32-36; 7:55; റോമർ 8:34; എഫെസ്യർ 1:20; എബ്രായർ 8:1; 12:2; 1 പത്രൊസ് 3:22. അതായത് യേശു മരിച്ചു, ഉയിർത്തു, ദൈവത്തിന്റെ വലംകൈയായിത്തീർന്നു.

അത് നിത്യജീവനിലേക്കുള്ള ആത്മീയ പുനരുത്ഥാനത്തിന്റെ തുടക്കമായിരുന്നു. യേശുക്രിസ്തു മരണത്തെ അതിജീവിച്ച ആദ്യജാതനാണ് (കൊലോ. 1:18; വെളിപ്പാട് 1:5). അവൻ ഉയിർത്തെഴുന്നേല്പിന്റെ ആദ്യഫലമായിരുന്നു (1 കൊരി.15:19-23). അവൻ നാം ഓരോരുത്തർക്കും നിത്യജീവൻ വാഗ്ദത്തം ചെയ്യുന്നു (പ്രവൃത്തികൾ 26:23). റോമർ 6:3-14 വരെയും 1 പത്രൊസ് 3:18-21 വരെയും വായിക്കുമ്പോൾ അവന്റെ മരണവും ഉയിർത്തെഴുന്നേൽപ്പും തമ്മിലുള്ള ബന്ധവും, നമ്മുടെ പാപജീവിതത്തിലൂടെയുള്ള ആത്മീക മരണവും നമ്മുടെ ആത്മീക ഉയിർത്തെഴുന്നേൽപും വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. നമ്മുടെ പാപിയായ പഴയ മനുഷ്യൻ വെള്ളത്തിൽ മുങ്ങുന്നതിലൂടെ കുഴിച്ചിടുകയും പുറത്തു വരുന്നത് പുതിയ ദൈവീക ജീവിതവുമാണ്. "സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു. അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു (കൊലോ.2:12,13;3:1-4; എബ്രാ.9;14,15; 10:19-25; തീത്തൊ.2:11-14).

വെള്ളത്തിലൂടെയം ആത്മാവിലൂടെയുമുള്ള പുതുജനനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ യേശുക്രിസ്തു സ്നാനത്തെക്കുറിച്ച് പറയുന്നു (യോഹ.3:3-5). രക്ഷിക്കപ്പെടണമെങ്കിൽ നാം പുതിയ ആത്മീയ ജീവിതത്തിനായി വീണ്ടും ജനിക്കണം. അത് വെള്ളത്തിലൂടെ സാദ്ധ്യമാകുമ്പോൾ നമുക്ക് പരിശുദ്ധാത്മാവെന്ന വാഗ്ദത്തം ലഭിക്കുന്നു (പ്രവൃത്തികൾ 2:38; 1കൊരിന്ത്യർ 6:19). യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയോട് താദാത്മ്യം പ്രാപിക്കുന്നതാണ് സ്നാനം.

യേശുക്രിസ്തുവിന്റെ ശാരീരികമായ പൊതു ശുശ്രൂഷയെ നമുക്ക് വേണമെങ്കിൽ ഇങ്ങനെ ചുരുക്കി പറയാം. സ്നാനത്തിലൂടെയുള്ള മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ് തുടങ്ങി യഥാർത്ഥമായ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയിൽ അവസാനിക്കുന്നു. അവൻ സ്വർഗ്ഗത്തിലേക്ക് വഴികാണിക്കുന്ന മുൻഗാമിയാണ് (എബ്രാ. 6:20). ഈ വഴി അവൻ നമുക്കു പിൻചെല്ലുവാനായി സമർപ്പിച്ചിരിക്കുകയാണ് (എബ്രാ. 10:19,20). അവൻ നമ്മുടെ വിശ്വാസത്തിന്റെയും നിത്യ രക്ഷയുടെയും സൃഷ്ടാവാണ് (എബ്രാ 5:9; 12:2).

നാം നിത്യരക്ഷ കാംക്ഷിക്കുകയാണെങ്കിൽ ഈ വഴി നാം പിന്തുടരണം. അവൻ കാണിച്ചുതന്ന ഉദാഹരണം പിന്തുടരണം. പാപരഹിതനായതിനാൽ യേശുവിന് അനുതപിക്കുകയോ പാപം ഏറ്റുപറയുകയോ ചെയ്യേണ്ട ആവശ്യമില്ല. എല്ലാ നീതിയും നിറവേറപ്പെടേണ്ടതിനായി അവൻ സ്നാനം ഏൽക്കേണ്ടതുണ്ടായിരുന്നു. എന്തൊക്കെയായാലും നാം ഇത് പൂർണ്ണമായി വിശ്വസിക്കേണ്ടതാണ് (യോഹ.1:12; 8:24; പ്രവർത്തികൾ 16:31; 1കൊരി.1:21; ഗലാ.3:22; എബ്രാ.10:39; 11:6). നമ്മുടെ പാപങ്ങൾ ഏറ്റുപറയണം. (ലൂക്കൊ.18:5; 2കൊരി.7:10; 2പത്രൊ.3:9). യേശുക്രിസ്തുവിലുള്ള വിശ്വാസത്തെ നാം ഏറ്റുപറയണം (മത്താ.10:32; റോമ 10:9,10). എന്നിട്ട് യേശുക്രിസ്തു കല്പിച്ചിരിക്കുന്നതുപോലെ സ്നാനപ്പെടണം (മത്താ.28:18-20; മർ. 16:16; പ്രവൃത്തികൾ 2:38-42; 8:12; 10:48; 16:33; 22:16; റോമർ 6:33; 1 കൊരിന്ത്യർ 12:13; ഗലാത്യർ 3:26-29). സ്നാനത്തിനുശേഷം, അന്തിമ പുനരുത്ഥാനത്തിനുശേഷം ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലേക്ക് പോകുവാൻ പ്രാപ്തമാക്കുന്ന രീതിയിൽ ദൈവീകമായ ജീവിതം ചെയ്യേണ്ടതാകുന്നു(യോഹ.5:28,29; 1 കൊരി. 15:42-58; ഗലാ.5:5; ഫിലി.1:20; 8:9-21; കൊലോ. 1:5,27; 1 തെസ്സെ. 4:13-18; എബ്രാ.3:6).

തന്റെ പൊതുശുശ്രൂഷയുടെ ആരംഭത്തിൽ എല്ലാ നീതിയും നിറവേറ്റേണ്ടതിനായി യേശുക്രിസ്തു സ്നാനമേറ്റു. അങ്ങനെ ചെയ്തതിലൂടെ അവൻ പിതാവായ ദൈവത്തെ പൂർണ്ണമായി അനുസരിക്കുകയും നമുക്ക് പിന്തുടരുവാനുള്ള മാതൃകയും നൽകിയിരിക്കുന്നു. തന്റെ ഈ ഭൂമിയിലുള്ള ശുശ്രൂഷയുടെ അവസാനം ആയപ്പോൾ അവൻ സകല നീതിയും നിറവേറ്റി. തന്റെ ത്യാഗത്തിന്റെ ആനുകൂല്ല്യങ്ങൾ ലഭിക്കണമെങ്കിൽ അവന്റെ മാതൃക പിന്തുടരുകയും അനുസരണമുള്ളവരുമായിരിക്കണം (1 പത്രൊ. 1:14).

എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് (മത്തായി 7:21).

"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ" (കൊലോ.3:1).

## നികുതി ഇളവ്

**"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 10232923805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 5 |
| IFSC Code | : | SBIN0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്
# PIT TO PALACE

(പാസ്റ്റർ സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” മത്തായി 24:15

## സംസാരിക്കുന്ന യേശുക്രിസ്തു!

അത് 1982-ൽ ആയിരുന്നു! ദൈവകൃപ ഒരിക്കലും മാറുകയില്ല!! അവന്റെ വിളിയും ഒരിക്കലും മാറുകയില്ല!!! “ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ച് അനുതപിക്കുന്നില്ലല്ലോ” (റോമർ 11:29). പക്ഷെ സാഹചര്യം തലകീഴായിരുന്നു. താമസിക്കാൻ മതിയായ സ്ഥലമില്ല, സഹായിക്കാൻ ആരുമില്ല. ശുശ്രൂഷയ്ക്ക് വലിയ എതിർപ്പുമുണ്ടായിരുന്നു. വെറുക്കലും സമ്മർദ്ദവും ഉണ്ടായിരുന്നു. സാമ്പത്തിക നില തകരാറിലായിരുന്നു. സഹായികളുടെ അഭാവവും ഉണ്ടായിരുന്നു. ഞാൻ പറയുന്നതു കേൾക്കാൻ ആരുമുണ്ടായിരുന്നില്ല. അടുത്തുള്ള ചുവരുകളിൽ ഇങ്ങനെ എഴുതി “മതം മാറ്റുന്ന മനുഷ്യന്റെ കൂടാരം, ജനങ്ങൾ സൂക്ഷിക്കുവിൻ”.

ഞാൻ ഒരു പരാജയമായിരുന്നു. എന്തു ചെയ്യണമെന്നറിയാതെ ദിശാബോധമില്ലാത്തവനെപ്പോലെയായിരുന്നു. നിരുത്സാഹത്തിന്റെ വാക്കുകളും എന്റെ നേരെ വന്നു. നിനക്ക് എതിരായിരിക്കുന്ന ഈ സ്ഥലം ഉപേക്ഷിച്ച് നഗരത്തിൽ നിന്നും 25 കിലോമീറ്ററെങ്കിലും അകലെ സ്ഥലം കണ്ടെത്തുക. ഇതുപോലെയുള്ള എതിർപ്പുകളും നിരന്തരമായി എന്നിലേക്കു വന്നതിനാൽ ഒരു തീരുമാനമെടുക്കുവാൻ ഞാൻ നിർബന്ധിതനായി.

ഒരുരാത്രി ഞാൻ ഉറക്കമില്ലാതെ കിടക്കുകയായിരുന്നു. ആലോചന പറഞ്ഞു തരുവാൻ ആരും ഉണ്ടായിരുന്നില്ല. എന്റെ ചുറ്റുമുള്ള ജനങ്ങൾ എനിക്കെതിരായി ചിന്തിക്കുന്നവരായിരുന്നു. എന്റെ ചുറ്റുമുള്ള ജനങ്ങൾ ഞാൻ പറയുന്നത് കേൾക്കുവാൻ മനസ്സില്ലാത്തവരും അർത്ഥവത്തായ ഒരു മറുപടി തരുവാൻ പ്രാപ്തരും അല്ലായിരുന്നു. അതിനാൽ അതിരാവിലെ 4.00 മണി മുതൽ ഞാൻ മുട്ടിന്മേൽ നിന്ന് ദൈവത്തെ വിളിച്ചു.

നാലുമണി മുതൽ ഞാൻ മുട്ടിന്മേൽ ആയിരുന്നെങ്കിലും എന്റെ സാഹചര്യങ്ങൾ കാരണം ഒരു വാക്കുപോലും ഉരിയാടാൻ കഴിഞ്ഞില്ല. പക്ഷെ എന്റെ ഹൃദയം ജീവിക്കുന്ന രക്ഷകനായ യേശുക്രിസ്തുവിനോടൊപ്പം ആയിരുന്നു. എന്റെ ചിന്തകൾ സ്വർഗ്ഗത്തിൽ എത്തുന്നതും പരാതികൾ ലഭിച്ച കർത്താവ് പുഞ്ചിരിയോടെ പ്രവർത്തിക്കാൻ ആരംഭിക്കുന്നതും എനിക്ക് കാണുവാൻ സാധിച്ചു.

സമയം കടന്നുപോയത് ഞാനറിഞ്ഞില്ല. എനിക്ക് ആഹാരമോ വെള്ളമോ ആവശ്യം വന്നില്ല. അന്നു വൈകുന്നേരം 5.30 ന് എന്റെ സുഹൃത്തും വിളിയുടെ പ്രതിധ്വനി ഇംഗ്ലീഷ് പതിപ്പിന്റെ അസ്സോസിയേറ്റ് എഡിറ്ററുമായ ബ്രദർ പോൾരാജ് കടന്നുവന്നു. മുട്ടിന്മേലായിരുന്ന ആ സമയം അദ്ദേഹത്തിന്റെ വരവ് അറിഞ്ഞതിനാൽ ഞാൻ പുറത്തേക്കു കടന്നുവന്നു.

എന്റെ ശരീരവും മനസ്സും തളർന്നിരുന്നുവെങ്കിലും എന്റെ മുഖം തിളങ്ങുന്നുണ്ടായിരുന്നു. എന്റെ മുഖം തിളങ്ങുന്നതു കണ്ടിട്ട് അദ്ദേഹം എന്നോട് സഹോദരാ, താങ്കൾ എത്ര ഉന്മേഷവാനാണ്? നല്ല വാർത്ത എന്തെങ്കിലും ഉണ്ടോ? എന്നു പറഞ്ഞു. ഒരു അത്യാവശ്യമായ കാര്യം എന്നെ ഭാരപ്പെടുത്തി നിർബ്ബന്ധിക്കുന്നതിനാൽ ഞാൻ രാവിലെ 4.00 മണി മുതൽ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുകയായിരുന്നു എന്നു പറഞ്ഞു. എന്റെ പ്രശ്നങ്ങളുടെ ഭാരം നിമിത്തം എനിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല എങ്കിലും ഞാൻ ദൈവത്തിന്റെ സന്നിധിയിലായിരുന്നു എന്നും പറഞ്ഞു.

ഞങ്ങൾ തമ്മിലുള്ള സംഭാഷണത്തിന്റെ മദ്ധ്യേ അയാൾ എന്നോട് ഇങ്ങനെ പറഞ്ഞു: സഹോദരാ, നമ്മുടെ ദൈവം നിന്നോട് എത്ര നല്ലവനായിരുന്നു! നാം രണ്ടുപേരും ഗ്രാമത്തിലെ വിദ്യാലയത്തിലാണല്ലോ പഠിച്ചത്! പക്ഷെ ദൈവം നിന്നെ സംസ്ഥാനത്തിന്റെ ആസ്ഥാനത്തിനടുത്തുള്ള ചെപ്പോക്ക് എന്ന സ്ഥലത്തേയ്ക്ക് കൊണ്ടുവന്നല്ലോ! സുവിശേഷം എത്തിച്ചേരാത്തതും, എത്തിക്കാൻ പ്രയാസവുമായ ഈ സ്ഥലത്തു നിന്നെ കൊണ്ടുവന്നിരിക്കുന്നു! ഇത് എത്ര അതിശയകരമാണ്! യെശയ്യാവ് 2:3 ലും മീഖ 4:2 ലും ഇങ്ങനെ പറയുന്നു: “....സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും”. അതിനാൽ ദൈവത്തിന്റെ ജീവിക്കുന്ന വെളിച്ചം നിങ്ങളിലൂടെ ഈ പ്രദേശത്തും ലോകം മുഴുവനും നൽകുവാൻ പോകുകയാണ്. എത്ര അതിശയകരമാണ്! എന്റെ പ്രശ്നത്തിനു പരിഹാരം കാണുവാൻ ദൈവം തക്കസമയത്തു തന്നെ തന്റെ മകനെ എന്റെ അടുക്കൽ അയച്ചതിലൂടെ ദൈവം എന്റെ പ്രാർത്ഥന ശ്രവിച്ച് മറുപടി നൽകിയിരിക്കുന്നു.

പ്രിയ ദൈവജനമേ, നിങ്ങൾ കഷ്ടതയുടെ നടുവിലൂടെ കടന്നുപോകുകയാണോ? നിരാശപ്പെടരുത്. ഹാഗറിന്റെ വിഷമാവസ്ഥ മരുഭൂമിയിലായിരുന്നിട്ടുകൂടി ദൈവം കണ്ടു. ദൈവം ബാലന്റെ നിലവിളി കേട്ടു; ദൈവത്തിന്റെ ദൂതൻ ആകാശത്തുനിന്ന് ഹാഗാറിനെ വിളിച്ചു അവളോട്: “ഹാഗാരേ, നിനക്ക് എന്ത്? നീ ഭയപ്പെടേണ്ടാ, ബാലൻ ഇരിക്കുന്നേടത്തുനിന്ന് അവന്റെ നിലവിളി കേട്ടിരിക്കുന്നു” (ഉല്പത്തി. 21:17). പ്രാർത്ഥനയിൽ ഉറച്ചു നിൽക്കുക, ദൈവം നിങ്ങളുടെ ജീവിതത്തിൽ നന്മ ചെയ്യും. ഒരു പ്രതിഫലം ഉണ്ടാകും നിശ്ചയം; നിന്റെ പ്രത്യാശയ്ക്കു ഭംഗം വരികയുമില്ല (സദൃ. 23:18).

### സ്നേഹത്തോടുകൂടിയ അഭ്യർത്ഥന

നിങ്ങൾ അറിയുന്നതുപോലെ ജീവനക്കാരുടെ ശമ്പളം, പേപ്പറിന്റെ വില, യാത്രകളുടെ ചെലവ് തുടങ്ങിയവ വഹിക്കുവാൻ ഞങ്ങൾ വല്ലാതെ ഞെരുങ്ങുകയാണ്. സാധാരണയായി മറ്റുള്ളവരോട് ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ ചോദിക്കാറില്ല. നിങ്ങൾ ഞങ്ങളെ യഥാർത്ഥമായി സ്നേഹിക്കുകയാണെങ്കിൽ നിങ്ങളുടെ സംഭാവനകൾ മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ്, ഫോൺ പെ, നെഫ്റ്റ് തുടങ്ങിയവയിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അയച്ചുതന്ന് ഈ ശുശ്രൂഷയെ സഹായിക്കുവിൻ. നിശ്ചയമായും ദൈവം നിങ്ങളെ അനുഗ്രഹിക്കും. കൂടുതൽ വിവരങ്ങൾക്ക്

+91 9841271858

**എഡിറ്റർ, വിളിയുടെ പ്രതിധ്വനി**

by him at



RNI NO. 55468/94, Postal Regn. No. TN/CH (C)/199/21-23 WPP NO. TN/PMG(CCR)/WPP-221/21-23

# ECHO OF HIS CALL

**Monthly magazines in 16 languages, Bible Colleges, Postal Courses, Church Planting, Village English High School, Gospel Printing Press, Crusades, Seminars, Social Services, etc.**

**Annual Subscription : Rs. 100/- Life Subscription : Rs. 2000/-**

The multifarious activities of **Echo of His Call Ministry** is supported by the free-will offerings and donations of the God's Children like you. You may support **Echo of His Call** and its activities as the Lord leads you. We need your help to send forth the Gospel to the unreached people and plant Churches.

If you would like to receive **ECHO OF HIS CALL** magazines regularly, please write to us. Whenever you change your postal or e-mail addresses, please do inform us your old and new addresses.

**Echo of His Call** is available in 16 languages in our websites also. You can read it by going into the site as well as downloading it and get blessed.

Your letters, prayer requests and your financial helps (by D.D., Cheque, M.O. etc.) to **ECHO OF HIS CALL** may be sent to the address below.

Please send your **Land Phone / Mobile Phone Numbers and E.mail addresses** for updation.


## ECHO OF HIS CALL

10, Mohammed Abdullah 2nd Street, Chepauk,
Chennai - 600 005, India
PH: (+91-44) 2852 8282, 2852 9293, 2854 7766,
Cell: (+91) 98410 71852, 95661 31858
E-mails: sam@echoofhiscall.org / biblecor@yahoo.co.in
Websites: www.echoofhiscall.org / www.echoofhiscall.com


**YOU CAN SEND YOUR DONATIONS ON ONLINE ALSO**

## PLEASE PRAY FOR OUR MINISTRIES AT THE HEADQUARTERS

1. Prayer Service : 24 hours
2. **BIBLECOR -** Bible Correspondence Courses : English, Tamil & Hindi
3. **ECHO OF HIS CALL** - Monthly Magazines : English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikaans.
4. Nehemiah Bible Colleges (Two Centres)
5. Theological Correspondence Courses: English & Tamil
6. Great Commission Partners (Network of Pastors)
7. Training Programmes
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools : 8.30 a.m. & 4.00 p.m. Sunday
13. **Tamil Services : 5.30 a.m. , 7.00 a.m. & 10.00 a.m. Sunday**
14. **Malayalam Service : 2.00 p.m. Sunday**
15. **Telugu Service : 4.00 p.m. Sunday**
16. **Hindi Service : 5.00 p.m. Sunday**
17. **English & Tamil Service : 6.00 p.m. Sunday**
18. Pastors' Counselling : 4.00 p.m. Sunday
19. Women's Prayer : 5.30 p.m. Wednesday
20. Mid-week Bible study : 6.30 p.m. Wednesday
21. Men's Prayer : 7.00 p.m. Friday
22. Workers' Meeting : 6.00 p.m. Saturday
23. House Meetings : 6.30 p.m. Monday & Tuesday
24. Special Holy Communion : 5.30 a.m. 1st day of each month
25. Ministers Review Meeting : 5.30 p.m. First Saturday
26. Parents' Prayer : 4.00 p.m. First Sunday
27. Night Prayer : 9.30 p.m. Second Friday
28. Fasting Prayer : 9:30 a.m. Third Saturday
29. Holy Communion : Second Sunday Services
30. Morning Devotion : 5.30 a.m. daily
31. Staff Devotion : 9.00 a.m. daily
32. Office : 9.00 a.m. to 9.00 p.m. (except Sundays)

**The details of our Bank Accounts are given below. Please inform us the details of your remittances.**

| Bank | Branch | Name | IFSC Code No. | Account Number |
|---|---|---|---|---|
| 1. STATE BANK OF INDIA | Triplicane, Chennai -5 | S. Sam Selva Raj | SBIN 0000249 | 102329 34679 |
| 2. ICICI BANK | Anna Salai, Chennai -2 | Echo of His Call | ICIC 0006038 | 6038 05022319 |


**RNI NO. 55468/94**
**Postal Regn. No. TN/CH/(C)/199/21-23**
**WPP NO. TN/PMG(CCR) / WPP- 221/21-23**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month**
**Posted at "Egmore RMS / 1 Patrika Channel"**
**on 4th FEBRUARY 2021**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957,**
**Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**


***JESUS LOVES YOU!***

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from Old No:18, New No: 10, Mohammed Abdullah Sahib Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers** Old No:18, New No: 10, Mohammed Abdullah Sahib Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**